Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)28570 /2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 04/03/2017

# സർക്കുലർ നമ്പർ - 17/2017

വിഷയം:- സഹകരണ വകുപ്പ് - റുപേ കിസാൻ കാർഡ് പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 10/02/2013 ലെ 10/2013 നമ്പർ സർക്കുലർ.
2. നബാർഡ് കേരളാ മേഖലാ ആഫീസിൽ 04/02/2017 ന് കൂടിയ PACS മുഖേന യുള്ള റുപേ കിസാൻ കാർഡ് വിതരണത്തിനുള്ള ഏകോപന സമിതി മീറ്റിംഗ് തീരുമാനം

കർഷകർക്ക് ലളിതമായ നടപടി ക്രമങ്ങളോടെ യഥാസമയം കാർഷിക വായ്പ ലഭ്യമാക്കുന്നതിനായി 1999-2000 മുതൽ നടപ്പാക്കിവരുന്ന കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ അവലോകനം നടത്തി, പദ്ധതിയിൽ വരുത്തേണ്ടതായ മാറ്റങ്ങൾ ശുപാർശ ചെയ്യാനായി കേന്ദ്ര ധനകാര്യ മന്ത്രാലയം രൂപം നൽകിയ വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടേയും നബാർഡ് നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ കർഷകന്റെ കൃഷി, മറ്റ് അനുബന്ധ ആവശ്യങ്ങൾ കൂടി പരിഹരിക്കുന്നതിനായി ബാങ്കിംഗ് സംവിധാനത്തിലൂടെ ഏകജാലകം വഴി ആവശ്യമായ തുക ആവശ്യമായ സമയത്ത് എത്തിക്കാൻ ലക്ഷ്യമിടുന്ന പുതുക്കിയ കിസാൻ കാർഡ് പദ്ധതി സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുനർവായ്പാ ധനസഹായത്തോടെയാണ് സംസ്ഥാനത്ത് ഹൃസ്വകാല കാർഷികവിള വായ്പകൾ വിതരണം ചെയ്യുന്നത്. പണരഹിത ക്രയവിക്രയങ്ങൾ കൃഷിക്കാരെ ബുദ്ധിമുട്ടിൽ ആക്കുന്നതിനാൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന കർഷകർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കിസാൻ കാർഡുകൾ ഉപയോഗിച്ച് ക്രയവിക്രയങ്ങൾ നടത്താൻ സാധിക്കത്തക്കവിധം രാജ്യത്തെ എല്ലാ കൃഷിക്കാർക്കും 2017 മാർച്ച് 31 നുമുമ്പ് അവരുടെ കിസാൻ ക്രെഡിറ്റ് കാർഡുകൾ, റുപേ കിസാൻ കാർഡുകൾ ആക്കി മാറ്റി റുപേ കാർഡുകൾ ലഭ്യമാക്കുന്നതാണെന്ന് ബഹു.പ്രധാനമന്ത്രി 2016 ഡിസംബർ 31 ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം കൂടിയ മീറ്റിംഗിൽ നടന്ന ചർച്ച യിൽ ഉരിത്തിരിഞ്ഞ നിർദ്ദേശം പരിഗണിച്ച് സൂചന (1) മാർഗ്ഗ നിർദ്ദേശത്തിന് തുടർച്ച യായി കിസാൻ ക്രെഡിറ്റ് കാർഡ് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് ഹൃസ്വകാല കാർഷികവിള വായ്പകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ റുപേ കിസാൻ കാർഡ് മുഖേന വിതരണം ചെയ്യേണ്ടതാണ്.

2. ആയതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിലവിലുള്ള കിസാൻ ക്രെഡിറ്റ് കാർഡുകൾ റുപേ കിസാൻ കാർഡുകൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. ഇതിനായി കർഷകന് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിൽ/ബാങ്കിൽ നിലവിലുള്ള KCC cum SB അക്കൗണ്ടിന്റെ KYC വിവരങ്ങൾ, അക്കൗണ്ട് തുറക്കാനുള്ള ഫാറം എന്നിവ നിഷ്കർഷിക്കുന്ന ഇലക്ട്രോണിക് ഫോർമാറ്റിൽ ഉൾപ്പെടുത്തി, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ/ബാങ്കുകളിലെ ടി ഉപഭോക്താക്കളുടെ പേരിൽ ജില്ലാ സഹകരണ ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് തുറക്കേണ്ടതാണ്.

4. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ പുതുതായി വായ്പയ്ക്ക് അപേക്ഷിക്കുന്ന കർഷകർക്കും ഖണ്ഡിക 3 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്

5. ഇടപാടുകാർ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റെ ഇടപാടുകാരായി തന്നെ തുടരുന്നതാണ്. PACS ലെ അംഗങ്ങൾ ഒന്നും തന്നെ ജില്ലാ സഹകരണ ബാങ്കുകളിലേക്ക് മാറേണ്ടതില്ല.

6. വായ്പ എടുത്ത ഉപഭോക്താവിനെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ബാങ്കിന്റെ കോർബാങ്കിംഗ് സിസ്റ്റത്തിലേക്ക് മാറ്റേണ്ടതും വായ്പ എടുത്ത ഉപഭോക്താവിന് ജില്ലാ സഹകരണ ബാങ്കുകൾ കെസിസി റുപേ കാർഡുകൾ വിതരണം ചെയ്യേണ്ടതുമാണ്.

7. ജില്ലാ സഹകരണ ബാങ്കുകൾ ഈ ഉപഭോക്താക്കൾക്ക് ചെക്ക്ബുക്ക് നൽകാനോ, ജില്ലാ ബാങ്ക് ബ്രാഞ്ചുകളിൽ നിന്നും പണം പിൻവലിക്കാൻ അനുവദിക്കാനോ പാടില്ല. എന്നാൽ PACS ലെ അംഗങ്ങൾക്ക് ഈ അക്കൗണ്ടിലൂടെ പണരഹിത ഇടപാടുകൾ നടത്താവുന്നതാണ്.

8. ഈ ഉപഭോക്താക്കൾ എ.റ്റി.എം/പോസ് മെഷീനുകൾ/മൈക്രോ എ.റ്റി.എം അല്ലെങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റെ/ബാങ്കിന്റെ ക്യാഷ് കൗണ്ടർ എന്നിവ വഴി മാത്രമേ പണം പിൻവലിക്കാൻ പാടുള്ളൂ. കർഷകർക്ക് വായ്പ അനുവദിക്കുന്നതും, കർഷകർ വായ്പ തിരിച്ചടയ്ക്കുന്നതും PACS മുഖേന നടത്തേണ്ടതാണ്.

9. ടി സേവിംഗ്സ് ബാങ്ക് കിസാൻ കാർഡ് അക്കൗണ്ടുകൾ മറ്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ പോലെ തന്നെ സമ്പാദ്യ നിക്ഷേപങ്ങൾക്കും, സർക്കാർ ആനുകൂല്യങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനും ഉപയോഗിക്കാൻ കഴിയുന്നതാണ്.

10. ഒരു അക്കൗണ്ടിന് ഒരു കിസാൻ റുപേ കാർഡ് മാത്രമേ നൽകാൻ പാടുള്ളൂ.

11. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ/ബാങ്കിലെ കിസാൻ കാർഡ് അക്കൗണ്ടുള്ള ഇടപാടുകാരന് ജില്ലാ സഹകരണ ബാങ്കിൽ ഈ ആവശ്യത്തിനുള്ള സേവിംഗ്സ് ബാങ്ക് കിസാൻ കാർഡു മുഖേന പിൻവലിക്കാവുന്ന പരമാവധി തുക പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്/ബാങ്കിന് നിശ്ചയിക്കാവുന്നതാണ്.

12. റുപേ കിസാൻ കാർഡ് മുഖേനയുള്ള ഒരു ഇടപാടുകാരന്റെ ഇടപാട് പൂർത്തിയായ ഉടനെ ഇടപാടുകാരന്റെ പേര്, അക്കൗണ്ടിന്റെ സ്വഭാവം, എത്ര തുകയാണ് ഡെബിറ്റ് ചെയ്യപ്പെട്ടത് എന്നീ വിവരങ്ങൾ അടങ്ങുന്ന സന്ദേശം ജില്ലാ സഹകരണ ബാങ്കിന്റെ കോർബാങ്കിംഗ് സൊലൂഷനിൽ ഭാഗമായ ഒരു പുഷ്പുൾ സംവിധാനത്തിലൂടെ ബന്ധപ്പെട്ട പ്രാഥമിക സംഘത്തിലേക്ക് അയയ്ക്കുകയും സന്ദേശം സ്വീകരിച്ചുകൊണ്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ബാങ്ക് അതിന്റെ അക്കൗണ്ടിംഗ് സംവിധാനത്തിൽ അംഗത്തിന്റെ സേവിംഗ്സ് അക്കൗണ്ടിൽ ഡെബിറ്റ് രേഖപ്പെടുത്തുകയും, പ്രാഥമിക സംഘത്തിന്റെ ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് രേഖപ്പെടുത്തുകയും ചെയ്യുന്നു. ജില്ലാ സഹകരണ ബാങ്കുകളും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും ഇതിലേക്കായി ഒരു എഗ്രിമെന്റിൽ എത്തേണ്ടതാണ്.

13. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ/ബാങ്കിലെ ഇടപാടുകാർക്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും, റുപേ കിസാൻ കാർഡ് വിതരണം ചെയ്യുന്നതിനും വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കേണ്ടതാണ്.

14. 2017 മാർച്ച് 31 ന് മുമ്പ് എല്ലാ കിസാൻ ക്രെഡിറ്റ് കാർഡുകളും റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിനും, തുടർന്ന് കാർഷിക വായ്പകൾ റുപേ കിസാൻ കാർഡ് മുഖേന വിതരണം ചെയ്യുന്നതിനും എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും നടപടികൾ സ്വീകരിക്കേണ്ടതാണ്.

15. സൂചന (1) സർക്കുലറിലെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി സംബന്ധിച്ചുള്ള മറ്റ് പൊതുനിർദ്ദേശങ്ങൾ തുടരുന്നതാണ്.

എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഈ വിവരം അതാതു ജില്ലയിലെ സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

**പകർപ്പ്**

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
5. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. ചീഫ് ജനറൽ മാനേജർ, നബാർഡ് കേരള റീജിയണൽ ആഫീസ്, തിരുവനന്തപുരം.
10. റീജിയണൽ ഡയറക്ടർ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ബേക്കറി ജംഗ്ഷൻ
11. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
13. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
14. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ - എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.
15. എഡിറ്റർ, സഹകരണ വീഥി
17. വെബ്സൈറ്റ്
18. സ്റ്റോക്ക് ഫയൽ
19. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)